<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ ; 2689 21-06-2012-ൽ മറുപടിക്ക്

# നഗരൂർ ഗ്രാമ പഞ്ചായത്തിന്റെ റവന്യു പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയ നടപടി

| ചോദ്യം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നഗരൂർ പ്രഞ്ചായത്തിൽ 2003, 2004 വർഷങ്ങളിൽ ആകെ എത്ര പേർക്ക് റവന്യു പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (എ) 5 പേർക്ക് |
| (ബി) ഭൂമി ലഭ്യമായവരുടെ പേരും എത്ര സെന്റ് വീതം ഭൂമിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും എന്താവശ്യത്തിനാണ് ഭൂമി ലഭ്യമാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ ; | (ബി) ശ്രീമതി റ്റി. സന്ധ്യ , ശ്രീമതി സുലൈഖാബീവി, ശ്രീമതി ഓമന എന്നിവർക്ക് നഗരൂർ വില്ലേജിൽ യഥാക്രമം സർവ്വെ നം. 18/2-ൽ 15.38 ആർ, സർവ്വെ നമ്പർ 312/17-ൽ, 10.61 ആർ, സർവ്വെ നമ്പർ 244/2-ൽ 4.28 ആർ ഭൂമിയും ശ്രീമതി ലക്ഷ്മികുട്ടി, ശ്രീമതി രാധാമണി എന്നിവർക്ക് വെള്ളല്ലൂർ വില്ലേജിൽ യഥാക്രമം ബ്ലോക്ക് 38-ൽ റീ സർവ്വെ 39/2-ൽ 4.80 ആർ, സർവ്വെ 297/3-ൽ 3.15 ആർ ഭൂമിയും പട്ടയം നൽകിയിട്ടുണ്ട്. പതിവ് നടപടികൾക്കായി തയ്യാറാക്കിയ പ്രൊഫോർമയിൽ എന്താവശ്യത്തിനാണ് പതിച്ചു നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| സി) പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | സി) കേസുകൾ നിലവിലുള്ളതായി കാണുന്നില്ല. |

| | |
|---|---|
| ഡി) നഗരൂർ വില്ലേജിൽ സർവ്വേ നമ്പർ 552/2-ൽ ഉൾപ്പെട്ട റവന്യു പുറമ്പോക്ക് ഭൂമി അനധികൃതമായി രണ്ട് സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയ നടപടി പുന : പരിശോധിക്കണമെന്നാവശ്യപ്പെട്ട് നഗരൂർ ഗ്രാമ പഞ്ചായത്തും നിയമസഭാംഗവും റവന്യു വകുപ്പു മന്ത്രിയ്ക്കും ജില്ലാ കളക്ടർക്കും 16.2.2012-ൽ നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ? | ഡി) നഗരൂർ വില്ലേജിൽ സർവ്വെ നമ്പർ 555/2-ൽ ഉൾപ്പെട്ട റവന്യു പുറമ്പോക്ക് ഭൂമി അനധികൃതമായി പതിച്ചു നൽകിയ നടപടി പുന: പരിശോധിക്കണമെന്നാവശ്യപ്പെട്ട് 16.2.2012-ൽ ലഭിച്ച നിവേദനത്തിന്മേൽ ചിറയിൻകീഴ് തഹസിൽദാരുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ 16.1.2004-ലെ ഉത്തരവ് പ്രകാരം 4.48880 ഹെക്ടർ സ്ഥലം സബ് ഡിവിഷൻ ചെയ്ത് ശ്രീ. സദാശിവൻ, ശ്രീ. പീതാംബരൻ എന്നീ കക്ഷികളുടെ പേരിൽ മാറ്റിയതായി കാണുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽ ഉത്തരവിന് ആധാരമായ ഡി2/2267/04 നമ്പർ ഫയൽ പരിശോധിച്ചതിൽ ഹെഡ് സർവ്വെയറുടെയും സർവ്വെ സൂപ്രണ്ടിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരൂർ വില്ലേജിലെ സർവ്വെ നമ്പർ 555/2-ലെ പാറപുറമ്പോക്ക് ഇനം മാറ്റി നൽകിയതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി പ്രസ്തുത വസ്തു സംബന്ധിച്ച വില്ലേജ് റിക്കാർഡുകൾ സഹിതം ജില്ലാ കളക്ടർ മുമ്പാകെ ഹാജരാകുന്നതിനും ഈ വിഷയം സംബന്ധിച്ച അന്വേഷണം തീരുന്നതുവരെ പ്രസ്തുത സ്ഥലത്തെ എല്ലാ നടപടികളും നിർത്തിവയ്ക്കുന്നതിനും വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ